ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ആഭ്യന്തരോൽപാദനത്തിന്റെ വളർച്ചാ നിരക്ക് രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന പുരോഗതിയുടെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The growth rate of the domestic product is a reflection of the country's increasing progress-Prime Minister Narendra Modi.**

2. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച നാളെ ലോക്സഭയിൽ. ചർച്ചയ്ക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

   **A special discussion on the 150th anniversary of Vande Mataram will be held in the Lok Sabha tomorrow. The Prime Minister will open the discussion.**

3. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. ഏഴ് തെക്കൻ ജില്ലകൾ ചൊവ്വാഴ്ച പോളിംഗ് ബൂത്തിലേക്ക്.

   **The campaigning for the first phase of local body elections in Kerala will end today. Seven southern districts will go to the polling booths on Tuesday.**

4. രാജ്യത്തുടനീളം ഇൻഡിഗോ വിമാനസർവീസുകൾ തടസപ്പെട്ടതുമൂലം യാത്രക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തര നടപടിയുമായി കേന്ദ്രസർക്കാർ.

   **The central government has taken immediate steps to resolve the difficulties faced by passengers due to the disruption of IndiGo flight services across the country.**

5. ഇന്ന് സായുധ സേന പതാക ദിനം. ഉപരാഷ്ട്രപതി, പ്രധാനമന്ത്രി രാജ്യരക്ഷാ മന്ത്രി എന്നിവർ സൈനികർക്ക് ആശംസ നേർന്നു.

   **Today is Armed Forces Flag Day. The Vice President, the Prime Minister and the Minister of National Defence have greeted the soldiers.**

6. FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും.

   **India will face Germany in the semi-finals of the FIH Men's Hockey Junior World Cup today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM - FINANCE**

ആഗോളതലത്തിൽ ഉയർന്ന വളർച്ചയുടെയും കുറഞ്ഞ പണപ്പെരുപ്പത്തിന്റെയും മാതൃകയായി ഇന്ത്യ നിലകൊള്ളുകയാണെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ 8 ശതമാനം ജിഡിപി വളർച്ചാ നിരക്ക് രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന പുരോഗതിയുടെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി എടുത്തു പറഞ്ഞു. ഇന്ത്യയുടെ സാധ്യതകൾ വളരെക്കാലമായി ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും എന്നാൽ വടക്കുകിഴക്കൻ മേഖലകൾ, ഗ്രാമങ്ങൾ, ടയർ-2, ടയർ-3 നഗരങ്ങൾ, സമുദ്ര സമ്പദ്‌വ്യവസ്ഥ, ബഹിരാകാശ മേഖല തുടങ്ങിയവയുടെ പൂർണ്ണ ശേഷി ഇപ്പോൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-2

## VANDE MATARAM-DISCUSSION

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച നാളെ ലോക്സഭയിൽ. പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് തുടക്കം കുറിയ്ക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. നേരത്തെ, പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചത് പ്രകാരം, രാജ്യത്തെ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ മറ്റന്നാൾ നടക്കും.

&&&&&&&&&&&&&&&&&&

## VICE PRESIDENT-GURUGARM

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് ഹരിയാനയിലെ ഗുരുഗ്രാമിൽ ബ്രഹ്മകുമാരിസിന്റെ ഓം ശാന്തി റിട്രീറ്റ് സെന്റർ രജത ജൂബിലി വർഷത്തിൻറെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. റിട്രീറ്റ് സെന്ററിന്റെ 24-ാമത് വാർഷിക ദിനാഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. സെന്ററിന്റെ 25 വർഷത്തെ ആത്മീയ സേവനം, ധ്യാന പരിശീലനം, മൂല്യാധിഷ്ഠിത സംരംഭങ്ങൾ എന്നിവയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## RAJNATH SINGH-LEH ( INTRO)

***രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ലഡാക്കിലെ ലേ ജില്ലയിലെ ഷയോക്കിൽ വിവിധ അടിസ്ഥാന സൗകര്യ, ഗതാഗത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ജമ്മു കശ്മീരിലെയും ലഡാക്കിലെയും വിദൂര ഗ്രാമങ്ങളിലെ ഗതാഗതം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ് പദ്ധതികൾ. തന്ത്രപരമായി പ്രധാനപ്പെട്ട ഷയോക്ക് തുരങ്കവും, ബോർഡർ റോഡ്സ് ഓർഗനൈസേഷൻ നിർമ്മിച്ച നിരവധി പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. അതിർത്തി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണിതെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു. ( വോയിസ്..... )***

&&&&&&&&&&&&&&&&&&

**FUR. REV. FIRE-GOA NIGHT CLUB**

ഗോവയിൽ ഇന്നലെ അർദ്ധ രാത്രി ഉണ്ടായ തീ പിടുത്തത്തിൽ മരണം 25 ആയി. മരിച്ചവരിൽ ഭൂരിഭാഗവും ഒരു നൈറ്റ്ക്ലബ്ബിലെ ജീവനക്കാരും അർപോറയിലെ 4 വിനോദസഞ്ചാരികളുമാണ്. ഗാസ് സിലിണ്ടർ പൊട്ടിത്തെറിച്ചാണ് അപകടം എന്ന് പ്രാഥമിക നിഗമനം. അഗ്നി രക്ഷാ സേനയും പോലീസും സംഭവസ്ഥലത്ത് രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നു. മതിയായ പരിശോധനകൾ കൂടാതെ ക്ലബ്ബിനു അനുമതി നൽകിയ ഉദ്യോഗസ്ഥർ ഉൾപ്പെടെ ഉത്തരവാദികളായ എല്ലാവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് സ്ഥലം സന്ദർശിച്ച മുഖ്യമന്ത്രി പ്രമോദ് സാവന്ത് അറിയിച്ചു. അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപ രാഷ്ട്രപതി സിപി രാധകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, മന്ത്രിമാരായ അമിത് ഷാ, ജെ.പി നഡ്ഡ എന്നിവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപയും വീതം ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**ELECTION KERALA**

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

&&&&&&&&&&&&&&&&&&

**ELECTION HOLIDAY**

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നടക്കുന്ന 9, 11 തീയതികളിൽ അതത് ജില്ലകളിലെ സംസ്ഥാന സർക്കാർ ഓഫീസുകൾ,

വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി പ്രഖ്യാപിച്ചു. സ്വകാര്യ മേഖലയിലെ ജീവനക്കാർക്കും വേതനത്തോടെ അവധി നൽകണം. ഐടി കമ്പനികൾ, ഫാക്ടറികൾ, കടകൾ എന്നിവിടങ്ങളിലെല്ലാം ഇത് കർശനമായി നടപ്പാക്കാൻ ലേബർ കമീഷണർക്ക് സർക്കാർ നിർദേശം നൽകി. അതേസമയം, വോട്ടെടുപ്പ് ദിവസം സംസ്ഥാനത്തെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് അവധിയില്ല. വോട്ട് ചെയ്യാൻ വൈകി വരാനോ, നേരത്തേ പോകാനോ ജീവനക്കാരെ അനുവദിക്കും.

&&&&&&&&&&&&&&&&&

**ECI- SIR**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി രാജ്യത്ത് ഇതുവരെ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ ആകെ 99.93 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. കേരളത്തിൽ ഇന്നലെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 68 ലക്ഷത്തി 25,143 ആയി ഉയർന്നു. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 96.32 ശതമാനം ആണ്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

&&&&&&&&&&&&&&&&&

**HEADLINE-5**

**ARMY FORCE FLAG DAY**

ഇന്ന് സായുധ സേന പതാക ദിനം. രാഷ്ട്രത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീരരക്തസാക്ഷികളോടുള്ള ആദരസൂചകമായാണ് എല്ലാ വർഷവും ഡിസംബർ 7 സായുധ സേന പതാക ദിനമായി ആചരിക്കുന്നത്. ദിനത്തോടനുബന്ധിച്ച്, ഉപരാഷ്ട്രപതി സി പി

രാധാകൃഷ്ണൻ ഒരു മാസത്തെ ശമ്പളം സായുധ സേന പതാക ദിന ഫണ്ടിലേക്ക് സംഭാവന ചെയ്തു.

അചഞ്ചലമായ ധൈര്യത്തോടെ രാജ്യത്തെ സംരക്ഷിക്കുന്ന ധീര സൈനികരോട് രാഷ്ട്രം അഗാധമായ നന്ദി രേഖപ്പെടുത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സേനകളുടെ ധൈര്യം രാജ്യത്തെ സംരക്ഷിക്കുന്നുവെന്നും അവരുടെ നിസ്വാർത്ഥ സേവനം ജനങ്ങൾക്ക് ഒരിക്കലും വീട്ടാൻ കഴിയാത്ത കടപ്പാടാണെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**GUJARAT – AMIT SHAH**

ഗുജറാത്തിലെ അഹമ്മദാബാദ് മുൻസിപ്പൽ കോർപ്പറേഷനിൽ 1,500 കോടിയിലേറെ വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് തുടക്കം കുറിക്കും. ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണിവ. 881 EWS ഭവനങ്ങൾ, മിനി കായിക സമുച്ചയം എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

**HEADLINE-4**

**CIVIL AVIATION–INDIGO (INTRO)**

***രാജ്യത്തുടനീളം ഇൻഡിഗോ വിമാനസർവീസുകൾ തടസപ്പെട്ടതുമൂലം യാത്രക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തര നടപടിയുമായി കേന്ദ്രസർക്കാർ. വിമാന സർവീസുകൾ റദ്ദാക്കിയ നടപടിയിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇൻഡിഗോ കമ്പനിയോട് വിശദീകരണം തേടി. വിമാന കമ്പനികൾ യാത്രാനിരക്ക് കൂട്ടുന്നത് തടയാൻ കർശനമായ പരിധി ഏർപ്പെടുത്തുകയും, റദ്ദാക്കുന്ന ടിക്കറ്റുകളുടെ ഉടനടി റീഫണ്ട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.***

***വിശദാംശങ്ങളിലേക്ക്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&

**RAILWAYS SPECIAL TRAINS**

രാജ്യത്തെ വിവിധ കേന്ദ്രങ്ങളിലേക്ക് 89 പ്രത്യേക ട്രെയിൻ സർവീസുകൾ നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ. ഇൻഡിഗോ വിമാന സർവീസ് റദ്ദാക്കലും, ശൈത്യകാലത്തെ അധിക തിരക്കും കണക്കിലെടുത്താണ് നടപടി.

&&&&&&&&&&&&&&&&&

**INDIGO-TVM**

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള ഇന്നത്തെ 11 ആഭ്യന്തര ഇൻഡിഗോ വിമാന സർവീസുകൾ റദ്ദാക്കി. തിരുവനന്തപുരത്തേക്കുള്ള അഞ്ചു സർവീസുകളും, ഇവിടെ നിന്നുമുള്ള ആറു സർവീസുകളുമാണ് തടസ്സപ്പെട്ടത്. ഇതുവരെ നാലു ഇൻഡിഗോ സർവീസുകളാണ് ഇന്ന് നടന്നത്

&&&&&&&&&&&&&&&&&

**HEADLINE-6**

**HOCKEY MENS JUNIOR WORLD CUP**

FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&

**BADMINTON GUWAHATI MASTERS 2025**

ഗുവാഹത്തി മാസ്റ്റേഴ്സ് 2025ബാഡ് മിന്റൺ ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ ഉറപ്പിച്ചു ഇന്ത്യ. ഇന്ത്യയുടെ തന്നെ സൻസ്കർ സരസ്വതും മിഥുൻ മഞ്ജുനാഥും തമ്മിലാണ് മൽസരം. വനിതാ സിംഗിൾസ് ഫൈനലിൽ തൻവി ശർമ്മ ഇന്ന് ചൈനീസ് തായ്പേയിയുടെ തുങ് സിയോ-ടോങ്ങിനെ നേരിടും. പുരുഷ ഡബിൾസിൽ ഇന്ത്യ ഫൈനലിലും എത്തി. ടോപ് സീഡുകളായ പൃഥ്വി കൃഷ്ണമൂർത്തി റോയി, സായ് പ്രതീക് സഖ്യം മലേഷ്യയുടെ കാങ് ഖായ് സിംഗ്, ആരോൺ തായ് എന്നിവരെ ഇന്ന് ഫൈനലിൽ നേരിടും.

&&&&&&&&&&&&&&&&&

**<u>JAISHANKAR-UNESCO</u>**

ലോകത്തിലെ അദൃശ്യമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നത് ലക്ഷ്യമിട്ടുള്ള യുനെസ്കോയുടെ 20 ആമത് ഇന്റർ ഗവൺമെന്റൽ സമിതി സമ്മേളനത്തിന് നാളെ ചുവപ്പ്കോട്ടയിൽ തുടക്കം. ഈ മാസം 13 വരെ നീണ്ടു നിൽക്കുന്നതാണ് പരിപാടി. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യ അതിഥിയാകും.

&&&&&&&&&&&&&&&

**<u>SHUKLA- DELHI AI GRIND</u>**

നിർമിത ബുദ്ധി പുരോഗതിയുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നുവെന്ന് ഇന്ത്യൻ ബഹിരാകാശയാത്രികനും ഇന്ത്യൻ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റനുമായ ശുഭാൻഷു ശുക്ല. ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധി വ്യാപകമായി ഉപയോഗിക്കുന്നുവെന്നും അത് വികസനത്തിന്റെ എല്ലാ മേഖലകളിലും കാര്യങ്ങൾ നേടുന്നതിന് ഒരുപകാരണമായി മാറിയെന്നും അദ്ദേഹം പറഞ്ഞു. വികസിത ഭാരതം 2047 എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മേഖലകളാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

बहुजनहिताय बहुजनसुखाय
आकाशवाणी